# കാതിക്കുടം സമരത്തിന്റെ വിജയത്തിനും ജനാധിപത്യത്തിന്റെ ഭാവിക്കും

**- ഡേവീസ് വളർക്കാവ്**

**നിറ്റാ ജലാറ്റിൻ എന്ന ജപ്പാൻ കമ്പനി** 30 വർഷമായി പുതിയ വികസനസ്വപ്നത്തെ സാക്ഷാത്ക രിച്ചുകൊണ്ട് പ്രവർത്തിച്ചുവരുന്ന പ്രദേശമാണ് കാതിക്കുടം ഗ്രാമം. ഏറെ പ്രത്യേകതകളൊന്നുമില്ലാതെ കൊരട്ടി
മുത്തിയുടെ നാടിനോട് ചേർന്ന് പുറംലോകം അറിഞ്ഞിരിക്കുന്ന ഈ പ്രദേശം ഇന്ന് കേരളത്തിൽ പ്രസിദ്ധമാണ്. എല്ല് ഉരുക്കി വിഭവ ങ്ങൾ ഉണ്ടാക്കുന്ന കമ്പനി 30 വർഷം പ്രവർത്തിച്ചതിന്റെ ഫല മായി ഈ പരിസരത്ത് ആളുകൾക്ക് താമസിക്കാൻ പറ്റാതെയായി. കുടി വെള്ളം കൊള്ളാതായി. പുഴയിൽ മാലിന്യം നിറഞ്ഞു. വായുവിൽ ദുർഗന്ധം. അന്തരീക്ഷത്തിൽ അമ്ലത. പുറന്തള്ളുന്ന മാലിന്യങ്ങ ളാൽ മണ്ണിന്റെ നാശം, ശ്വാസകോ ശരോഗങ്ങൾ, മറ്റനേക വ്യാധികൾ ഇങ്ങനെയിങ്ങനെയാണ് കാതിക്കുട ത്തിന്റെ ദുരിതത്തിന്റെ മുഖങ്ങൾ. കാലാകാലങ്ങളിലായി സംഘടി ക്കലും പ്രതിഷേധവും നാട്ടുകാ രുടെ കൂട്ടം കൂടലും നടക്കാറുണ്ട്. അതിനെയെല്ലാം കമ്പനി പല പ്രലോഭനങ്ങളിലൂടെയും ഭീഷണിക ളിലൂടെയും ഒതുക്കാറാണ് പതിവ്. അത്തരത്തിലൊന്നാണെന്ന് പലരും കരുതിയ ഒന്നാണ് ഇപ്പോഴത്തെ ആക്ഷൻ കൗൺസിൽ. 3 വയസ്സേ ഇതിന് പ്രായമായിട്ടുള്ളൂ എങ്കിലും കമ്പനിക്ക് കൈകാര്യം ചെയ്യാൻ കഴിയുന്നതിനേക്കാളും ഇത് വളർന്ന് കഴിഞ്ഞു. ആശങ്കപ്പെട്ട് മാറിനിന്നിരുന്നവർപോലും ആക്ഷൻ കൗൺസിലിനോട് സഹകരിക്കാൻ തയ്യാറാകുന്നുണ്ട്.
ഇക്കഴിഞ്ഞ ഗ്രാമപഞ്ചായത്ത് തെര ഞ്ഞെടുപ്പിൽ ആക്ഷൻ കൗൺസിൽ പിന്തുണയ്ക്കുന്ന 4 സ്വതന്ത്രസ്ഥാ നാർത്ഥികളാണ് മത്സര രംഗത്തു ണ്ടായിരുന്നത് അതും വനിതകൾ. കമ്പനി നിൽക്കുന്ന വാർഡിൽ അതിലെ ഒരു പോരാളി ഷെർളി പോൾ വിജയിക്കുകയും ചെയ്തു. മറ്റൊരു വാർഡിൽ ദേശീയ കക്ഷി യായ UDF നെക്കാളും കൂടുതൽ വോട്ട് സ്വതന്ത്രർ നേടി. വേറൊരു വാർഡിൽ 3ഉം 4 ഉം സ്ഥാനത്ത് സ്വതന്ത്രരായിരുന്നു. ഇവിടെ രണ്ടു സ്വതന്ത്രർ ഇല്ലായിരുന്നെങ്കിൽ വിജയം ഈ വാർഡിൽ ഉറപ്പാ യേനെ. മൊത്തം 16 വാർഡുകളുള്ള കാടുകുറ്റി പഞ്ചായത്തിൽ യു.ഡി. എഫിന് 6272 വോട്ടും എൽ.ഡി. എഫിന് 5006 വോട്ടും മൊത്തം സ്വതന്ത്രർക്ക് 3088 വോട്ടുമാണ്. യു.ഡി.എഫിന് 8 സീറ്റും എൽ.ഡി.എഫ് ന് 5 സീറ്റും സ്വത

**കാടുകുറ്റി പഞ്ചായത്ത്**
**വോട്ടിങ്ങ് ചിത്രം**

| മൊത്തം വോട്ട് | പോൾ ചെയ്തത് | UDF | LDF | സ്വതന്ത്രർ | CPM | ആക്ഷൻ കൗൺസിൽ |
|---|---|---|---|---|---|---|
| 19,248 | 14,712 | 6272 | 5006 | 3088 | 3157 | 770 |

| മൊത്തം പോൾ ചെയ്യാത്തത് | ഓരോ വാർഡിൽ പോൾ ചെയ്യാത്തത് ശരാശരി |
|---|---|
| 4536 | 283 |

**പാർട്ടികൾക്കും മുന്നണികൾക്കും പുറത്തുള്ള വോട്ടുകൾ :**

**സ്വതന്ത്രർ 3088 + പോൾ ചെയ്യാത്തത് 4536 = 7624 + അസാധു**

ദേശീയ കക്ഷികളേക്കാളും വോട്ട് പുറമെയുണ്ട്.
ഇനി നമുക്കത് ടാർജറ്റ് ചെയ്യാം നയങ്ങൾക്ക് രൂപം നൽകാം.

ന്ത്രർക്ക് 3 സീറ്റുമാണുള്ളത്. പഞ്ചായത്തിൽ മൊത്തം 376 അസാധു വോട്ട് ഉണ്ടായി. സി.പി.എം. ന് 3157 വോട്ടേ നേടാനായുള്ളൂ. 4 മെമ്പർമാരാണ് പഞ്ചായത്തിൽ സി.പി.എം ന് ഒരു എൽ.ഡി.എഫ് സ്വതന്ത്രനും മൊത്തം 5 മെമ്പർമാർ. സ്വതന്ത്രർ കക്ഷിരഹിതരായിട്ടും 3 സീറ്റ് നേടി എന്നത് ശ്രദ്ധേയമാണ്.

5 വർഷം കൂടുമ്പോൾ മൊരിഞ്ഞ ദോശ മറിച്ചിടുന്നപോലെ മുന്നണികളെ മറിച്ചിടുന്ന വോട്ടർമാരുടെ കേരളത്തിൽ വോട്ട് ചെയ്യാതെ പ്രതിഷേധിക്കുന്നവർ ഓരോ പഞ്ചായത്തിലും 5-ൽ 1 എന്ന നിലയിൽ ഉണ്ടാകും. ഇവരുടെ രേഖപ്പെടുത്താത്ത സമ്മതിദാനം ഇത് വെറും പാഴ് വേലയെന്ന നിരാശക്കോ, സ്വതന്ത്രർക്കോ ആണ് അവകാശപ്പെട്ടത്. അതിനാൽ വലിയൊരു ശതമാനം സ്വതന്ത്രന്റെ ലഭിക്കാതെ പോലെ വോട്ടുകളായി ഇത് പരിഗണിക്കാവുന്നതാണ്. അങ്ങിനെയെങ്കിൽ ദേശീയ പാർട്ടികളേക്കാളും വോട്ട് ഈ പഞ്ചായത്തിൽ സ്വതന്ത്രരുടെ ഭാഗത്താണ് ഇത് മുന്നണികളുടെ ഉറക്കം കെടുത്താവുന്നതാണ്. കൂട്ടത്തിൽ അസാധുവും!

ഇത്തരം ഒരു പശ്ചാത്തലത്തിൽ കാതിക്കുടം ആക്ഷൻ കൗൺസിലിന് നിർണ്ണായകമായ ചില റോളുകൾ കൈവന്നിരിക്കുകയാണ്.

1. പഞ്ചായത്തിൽ സ്വന്തം ജനപ്രതിനിധിയെക്കൊണ്ട് 5 വർഷക്കാലത്തേക്കെങ്കിലും കമ്പനിക്കെതിരായി കാതിക്കുടത്തുകാർക്കുവേണ്ടി നിലകൊള്ളാനുള്ള ഉജ്ജ്വലമായ സ്ത്രീശക്തി.

2. മറ്റു 2 സ്വതന്ത്രമെമ്പമാരുമായുള്ള സഖ്യവും മുന്നണിയും. 8-5-3 ഈ റേഷ്യോവിൽ 3 വളരെ പ്രധാനപ്പെട്ടതാകുന്ന സന്ദർഭങ്ങൾ ധാരാളമായി വരും.

3 വ്യത്യസ്ഥ സമരമുഖങ്ങളിൽ നിന്നും ഉയർന്നുവന്ന 3 സ്വതന്ത്ര പോരാളികൾ. പരസ്പരം പ്രശ്നങ്ങളിൽ ഇടപെട്ട് സമരമുഖങ്ങളെ ഉജ്ജ്വലമാക്കാനുള്ള ജനകീയ പിന്തുണയും ശക്തിയും വ്യാപകമാക്കാനാകും. നീതിക്കും കരുണയ്ക്കും പ്രകൃതിക്കും വേണ്ടിനിലകൊള്ളാനുള്ള വിശാലമായ സമര സഖ്യങ്ങൾ ഉണ്ടാക്കാം.

4. കുറേകൂടി സ്ത്രൈണവും വിവേകപൂർവ്വവുമായ പ്രവർത്തനരീതികൾ ആവിഷ്ക്കരിക്കയാണെങ്കിൽ കാതിക്കുടം വാർഡിൽ വിജയിച്ച ഷെർളിക്ക് ലഭിക്കാതെപോയ, പുറത്തുനിർക്കുന്ന 719 വോട്ടർമാരെ സ്പോർട്ട്സ്മെൻ സ്പിരിറ്റോടെ ട്രീറ്റ് ചെയ്ത് ആക്ഷൻ കൗൺസിലിന് തുടർന്ന് പിന്തുണ വർദ്ധിപ്പിക്കാൻ സാധിക്കും. ഈ സമ്മതിയെ രാഷ്ട്രീയ മത്സരത്തിലെ വിരോധങ്ങൾക്കുള്ള വളമാക്കാൻ, അങ്ങിനെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും കമ്പനിക്കും വിട്ടുകൊടുക്കാതെ സ്വാന്ത്വന ചികിത്സ ഉടനെ ചെയ്യണം.

അതുപോലെ 227, 206, 61 എന്നീ നിലകളിൽ മറ്റുവാർഡുകളിൽ ലഭിച്ച ആക്ഷൻ കൗൺസിലിന്റെ വോട്ടിലെ സമ്മതിദായകരെ അനാഥരാക്കാതെ നോക്കേണ്ടുതുണ്ട്. പഞ്ചായത്തിനകത്ത് 3 സ്വതന്ത്രരും, പഞ്ചായത്തിനുപുറത്ത് മൂന്ന് സ്വതന്ത്രരും നിന്ന് വാർഡുകളെ പ്രതിനിധീകരിക്കണം. ഇവർക്ക് പാലമായി പഞ്ചായത്ത് മെമ്പർ പ്രവർത്തിക്കണം. ഇത്തരം നിഴൽപഞ്ചായത്ത് (Shadow Panchayath) പ്രവർത്തനം ആരംഭിച്ചുകൊണ്ട് രാഷ്ട്രീയത്ത ശുദ്ധീകരിക്കാനും, അധികാരവികേന്ദ്രീകരണത്തിനും കേരളത്തിന് മാതൃകയാകാനുള്ള സന്ദർഭം കൂടി കാതിക്കുടം ആക്ഷൻകൗൺസിലിന് കൈവന്നിരിക്കയാണ്. തിരഞ്ഞെടുപ്പിൽ ജയിച്ചവരും തോറ്റവരുമില്ല. ജയിച്ചവരും ജയിക്കാത്തവരുമേയുള്ളൂ എന്ന തത്വം രാഷ്ട്രീയ പാർട്ടികളെ പഠിപ്പിക്കാനുള്ള ഒരവസരവും കാതിക്കുടത്തിനുണ്ട്.

ഞങ്ങളാരേയും തോൽപ്പിച്ചിട്ടില്ല എന്നു വിളിച്ചുപറയാൻ ഷെർളിക്കും, ഞങ്ങളാരും തോറ്റിട്ടില്ല എന്നു പറയാൻ സിന്ധുവിനും അംബികക്കും രേഖക്കും കഴിയണം. അതേറ്റു പറയാനുള്ള സാംസ്കാരിക ഉണർവ്വ് കാതിക്കുടത്തെ ആക്ഷൻ കൗൺസിലിനും അമ്മമാർക്കും ഉണ്ടാകണം. പുരുഷനേതൃത്വം കാലാകാലങ്ങളായി പഠിപ്പിച്ച തുരുമ്പെടുത്ത മുദ്രാവാക്യങ്ങൾ ഉപേക്ഷിച്ച് മാതൃത്വം നിറഞ്ഞ തുല്യതയുടെ മുദ്രാവാക്യങ്ങൾ ഉണ്ടായിവരണം. ജനാധിപത്യം പുഷ്ക്കലമാകണം. രാഷ്ട്രീയക്കാരെ മൂല്യാധിഷ്ഠിത രാഷ്ട്രീയം പഠിപ്പിക്കണം. ഇലക്ഷൻ, സ്പോർട്ട്സിലെ മത്സരം പോലെ പരിഗണിക്കാൻ പഠിക്കുകയും പഠിപ്പിക്കുകയും വേണം. കുടിപ്പകകൾക്ക് ഇടം കൊടുക്കരുത്. അങ്ങനെ കക്ഷിരാഷ്ട്രീയത്തിലെ ഹിംസയെ കരുണാർദ്രമാക്കണം. മത്സരത്തിലെ വീറിനേയും വാശിയേയും സർഗ്ഗാത്മകമാക്കണം.

കമ്പനിയുടെ കാശ് വാങ്ങി മത്സരിച്ചവരൊഴിച്ച് 24 സ്വതന്ത്രരിൽ മറ്റുള്ളവരെ ചേർത്ത് ഓരോ വാർഡിലും “നിഴൽ പഞ്ചായത്ത് ” വികസിപ്പിക്കാനും പഞ്ചായത്തിന്റെ നയങ്ങളിൽ, മുൻഗണനകളിൽ ശക്തിയായി ഇടപെടാനും നിഴൽപഞ്ചായത്തിനാകും. ഇവർക്ക് അനുഭവജ്ഞാനം സ്വരൂപിക്കാൻ ഗ്രാമപഞ്ചായത്തിന്റെ രൂപീകരണം മുതലുള്ള “X” പഞ്ചായത്ത് മെമ്പർമാരിൽ നിന്ന് വ്യക്തിത്വങ്ങളെ സെലക്ട് ചെയ്യാവുന്നതാണ്. അവർ പലരും കണ്ടം തള്ളേണ്ടവരല്ല.

ഗ്രാമപഞ്ചായത്തിന്റെ വികസനരേഖകൾ വരുമ്പോൾ, വികസനസമിതികൾ വരുമ്പോൾ നിഴൽപഞ്ചായത്തിന്റെ ക്ഷേമസംഘങ്ങളുമായി സംവാദം നടത്തേണ്ട സ്ഥിതി വരണം. 30 വർഷങ്ങൾക്കുമുമ്പ് വന്ന വികസനമാണ് കാതിക്കുടത്തെ നശിപ്പിച്ചതെങ്കിൽ മറ്റു പല പ്രദേശങ്ങളും ഈ വികസന

ത്തിന്റെ പകിട്ടിനും പളപളപ്പിനും പരവതാനി വിരിക്കാനാണ് ഒരുങ്ങുന്നത്. അവരെ വികസനത്തിന്റെ ബലിയാടുകളായ കാതിക്കുടത്തുകാരുടെ ക്ഷേമസംഘമല്ലാതെ മറ്റാരാണ് തുറന്നുകാട്ടേണ്ടത്? വികസനം വികസനം എന്ന് തൊള്ളപൊളിക്കുന്നവരോട് എന്താണ് നിങ്ങളുടെ വികസനം എന്ന് തിരിച്ച് ചോദിക്കണം. അങ്ങിനെ വിനാശകരമല്ലാത്ത വികസനത്തിന്റെ മഹാസംവാദത്തിന് വേദിയൊരുക്കാൻ നർമ്മദയുടെ, കരിമുകളിന്റെ, എൻഡോസൾഫാന്റെ സന്ദേശം ശ്രവിച്ച കാതിക്കുടത്തെ അമ്മമാരല്ലേ മുന്നിൽ നിൽക്കേണ്ടത്. ?

കഴിയുന്ന എല്ലാ വാർഡിലും ക്ഷേമസമിതികൾ ചേർന്ന് പഞ്ചായത്ത് ഫണ്ട് വിനിയോഗം, വാർഡിൽ പ്രാഥമികമായി വേണ്ടകാര്യങ്ങൾ, മുൻഗണനകൾ, ലാപ്സാകുന്ന ഫണ്ടുകൾ, ജാഗ്രതാ സമിതികൾ എന്നിവയിൽ ഇടപെടണം. വനിതകളുടെ കൂട്ടായ്മകൾ സ്വതന്ത്രമാക്കാതെ രാഷ്ട്രീയം പയറ്റിത്തെളിഞ്ഞാവർ കയ്യടക്കുന്ന ഇടങ്ങളിൽ ക്ഷേമസമിതിയിലെ വനിതകൾ രംഗത്തുണ്ടാകണം. ഗ്രാമസഭയോഗങ്ങൾ ഉദ്യോഗസ്ഥരുടെ കളിക്കളമാകാതെയും പാർട്ടി ലീഡർമാർ ഹൈജാക്ക് ചെയ്യാതെയും, നടപ്പിലാക്കേണ്ട പദ്ധതികളുടെ അടിയന്തിരവും-ദീർഘകാലത്തേതും-പ്ലാനുകൾ സമർപ്പിക്കാൻ നമ്മുടെ കൂട്ടായ്മക്ക് കഴിയും.

മുന്നണി നേതൃത്വവും, പ്രതിപക്ഷകക്ഷിയുടെ പാർട്ടിബ്രാഞ്ചും, പഞ്ചായത്ത് ഉദ്യോഗസ്ഥരും, വിവിധ യൂണിയനുകളിൽപെട്ടു കിടക്കുന്ന പഞ്ചായത്ത് ജീവനക്കാരും, നിയമവും കൂടി പഞ്ചായത്ത് ഭരിക്കുന്ന കാഴ്ചയാണ് ഇന്ന് കാണുന്നത്. അതിനാൽതന്നെ അധികാരവികേന്ദ്രീകരണം നടപ്പിലാക്കുന്നതിന് പലപ്പോഴും ഇക്കൂട്ടർ തടസ്സമാണ്. പകരം നിഴൽപഞ്ചായത്ത് സജീവമാകുമ്പോൾ അധികാരവികേന്ദ്രീകരണം കുറേക്കൂടി ആഴത്തിലും പരപ്പിലും എത്തിക്കാനാകും.

നമ്മുടെ നിരന്തരസമരത്തിന്റെ ഫലമായി നിറ്റാജലാറ്റിൻ നാടുവിട്ടശേഷവും നമ്മുടെ നാട്ടിൽ നമ്മുടെ കൂട്ടായ്മയും ഭരണവും എല്ലാവർക്കും നീതിയും നിലനിർത്താൻ വേണ്ടി ഉണരാൻ കാതിക്കുടത്തുകാർക്ക് ഒരവസരം കൈവന്നിരിക്കയാണ്. ഈ പ്രവൃത്തികൾ നിയമസഭാ-പാർലിമെന്റ് തിരഞ്ഞെടുപ്പു വേളകളിൽ നമ്മുടെ വോട്ട് ബാങ്ക് പ്രധാനമാകുന്ന സന്ദർഭം സൃഷ്ടിക്കും. കാതിക്കുടം പ്രശ്നം നിയമസഭയിൽ ഉന്നയിക്കുന്നവർക്ക് നമ്മുടെ പിന്തുണയെന്ന്, അല്ലെങ്കിൽ മറ്റൊന്നിന് വിലപേശാനാകും. പാർട്ടിവിയോജിപ്പുകൾ സ്ഥായിയായി നിലനിൽക്കേണ്ടതൊന്നുമല്ല. വിലപേശാനുള്ള ശക്തി കരഗതമാക്കുക എന്നത് പ്രധാനമാണ്. ജനപ്രതിനിധികളെ തിരിച്ചുവിളിക്കാനുള്ള തിരഞ്ഞെടുപ്പിനു മുൻപുള്ള കാമ്പെയിനോട് അനുഭാവം പുലർത്തിയവരെന്ന ഖ്യാതിയും കാതിക്കുടത്തുകാർക്കുണ്ട്.

സുവർണ്ണ താളുകളിൽ രേഖപ്പെടുത്താനാകുന്ന അനേകം മാതൃകകൾ, മുഹൂർത്തങ്ങൾ പിറവികൊള്ളാനിരിക്കേ ചരിത്രത്തിന്റെ സ്പന്ദനമറിഞ്ഞ് അവസരത്തിനൊത്തുയരാൻ ആക്ഷൻ കൗൺസിൽ പ്രവർത്തകർക്കാവുമോ?

*(തുടരും)*

## കേരളീയം അറിയിപ്പ്

സാങ്കേതികമായ ചില കാരണങ്ങളാൽ ജൂൺ മാസത്തിൽ കേരളീയം പ്രസിദ്ധീകരിക്കാൻ സാധിച്ചില്ല. ഇനിയും വരിസംഖ്യ പുതുക്കാത്തവർ എത്രയും വേഗം കുടിശ്ശിക അടക്കം വരിസംഖ്യ (120 രൂപ) അയച്ചുതരുമല്ലോ.

**കേരളീയം,**
**കൊക്കാലെ,**
**തൃശൂർ 21.**
**ഫോൺ : 0487-2421385**

## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (മലയാളം) Bitter Drink (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല)ത്തെക്കുറിച്ച്/35 മിനിറ്റ്

**ബാക്കിപത്രം** : ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച്/35 മിനിറ്റ്. സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം) 27 മിനിട്ട്, പ്ലാച്ചിമട സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി സംവിധാനം : മണിലാൽ 24 മിനിട്ട്

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി 30 മിനിട്ട്.

**Source of Life for Sale**
60 mts., Direction : K.P. Sasi

**വി.സി.ഡി./ഡി.വി.ഡി./ വി.എച്ച്.എസ്. കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

**കേരളീയം**
കൊക്കാലെ, തൃശൂർ-21.
ഫോൺ : 9446576943, 04872421385